**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1253 02/05/2017 ന് മറുപടിക്ക്

**ഓപ്പറേഷൻ അനന്ത**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എം. ഷാജി | കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | ഓപ്പറേഷൻ അനന്തയുടെ ഭാഗമായി പഴവങ്ങാടി തോട്ടിൽ അടിഞ്ഞുകൂടിയ ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് തോടിന്റെ ആഴം വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ വിധത്തിലെ പ്രവൃത്തി പൂർത്തീകരിച്ച ശേഷം അതിലെ മലിന ജലത്തിന്റെ ഒഴുക്ക് സുഗമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | ഉണ്ട് ; ഓപ്പറേഷൻ അനന്തയുടെ ഭാഗമായി പഴവങ്ങാടി തോട്ടിൽ അടിഞ്ഞുകൂടിയ ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് തോടിന്റെ ആഴം വർദ്ധിപ്പിച്ച ശേഷം മലിന ജലത്തിന്റെ ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്. എന്നാൽ തോടിന്റെ തുറസ്സായ ഭാഗങ്ങളിൽ സമീപ പ്രദേശത്തുള്ളവരും വഴിയാത്രക്കാരും നിരന്തരം മാലിന്യങ്ങൾ നിക്ഷേപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. |
| ബി) | ഇതിലേയ്ക്ക് മാലിന്യവും, പ്ലാസ്റ്റിക് വസ്തുക്കളും ഒഴുകി എത്താതിരിക്കാൻ എന്തൊക്കെ മുൻകരുതലെടുത്തിട്ടുണ്ട്; ഒഴുകിയെത്തുന്ന മാലിന്യം നീക്കം ചെയ്ത് വഞ്ചിയൂർ ഭാഗത്ത് ബോക്സ് ടണലിലും അതിനു മുകളിലുള്ള ഭാഗത്തും ഒഴുക്ക് തടസ്സപ്പെട്ട് മലിനജല പ്രളയം ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ഓപ്പറേഷൻ അനന്തയുടെ ഭാഗമായി പഴവങ്ങാടി തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് വഞ്ചിയൂർ ഭാഗത്ത് ബോക്സ് ടണൽ നിർമ്മിച്ച് ഇതിലേക്ക് മാലിന്യവും മറ്റും എത്താതിരിക്കുവാൻ ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ